**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ഷാഹിദ് ടി.പി, ഫുൾടൈം സ്വീപ്പർ - പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്-ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(എം.എസ്) നം. 77 /2016/തസ്വഭവ** **തീയതി, തിരുവനന്തപുരം 14 /06/2016**

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 23/07/2015 ലെ ഇ 9- 9783/2015 നമ്പർ കത്ത്.

2) ശ്രീ. ഷാഹിദ് ടി.പി ,ഫുൾടൈം സ്വീപ്പർ , പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്(കണമ്പത്ത്, മേപ്പയ്യൂർ പി.ഓ, കോഴിക്കോട്) സമർപ്പിച്ച നിവേദനം.

### ഉത്തരവ്

പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. . ഷാഹിദ് ടി. പി യ്ക്ക് 40% ശാരീരിക വൈകല്യം ഉള്ളതിനാൽ കഠിനമായ ജോലിചെയ്യാൻ സാധിക്കാത്ത അവസ്ഥയാണെന്നും ആയതിനാൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം നൽകണമെന്നും ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ പരിഗണനയ്ക്കായി സർക്കാരിൽ സമർപ്പിച്ചു. ഓഫീസ് അറ്റൻഡൻറിന്റെയും ഫുൾടൈം സ്വീപ്പറുടേയും ശമ്പള നിരക്ക് തുല്യമായതിനാൽ മാനുഷിക പരിഗണന നൽകി തസ്തിക മാറ്റം അനുവദിക്കുവാനാണ് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾ അനുസരിച്ചും ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ വിശേഷാൽ ചട്ടങ്ങൾ അനുസരിച്ചും റിക്രൂട്ട് ചെയ്യപ്പെട്ട തസ്തികയിൽ നിന്ന് ജോലിയുടെ സ്വഭാവത്തിലും അടിസ്ഥാന യോഗ്യതയിലും വ്യത്യാസമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പറായ ശ്രീ. ടി.പി ഷാഹിദിന്റെ ഇപ്പോഴത്തെ ശാരീരികാവസ്ഥ കണക്കിലെടുത്തും, ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ചും, നിലവിലുള്ള വ്യവസ്ഥകളിൽ ഇളവനുവദിച്ചും സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നില്ല എന്ന പഞ്ചായത്ത് ഡയറക്ടറുടെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടിയാന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി. ഐ ഷെയ്ഖ് പരീത് ഐഎഎസ്**

ഗവ. സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

പ്രിൻസിപ്പൽ എ.ജി.(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

എ.ജി. (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്.

ശ്രീ. ഷാഹിദ് ടി.പി ,ഫുൾടൈം സ്വീപ്പർ , പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്,കണമ്പത്ത്, മേപ്പയൂർ പി.ഓ, കോഴിക്കോട്.(സെക്രട്ടറി പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് മുഖേന)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്(16/02/2016 ലെ 1512/ബി2/16/ഉഭപവ പ്രകാരം)

ഡയറക്ടർ, ഐ കെ എം ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ഫയൽ നം. 415/ഇപിഎ 2/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ